## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*271 — 23.03.2015 ൽ മറുപടിയ്ക്ക്

# പഴങ്ങളും പച്ചക്കറികളും പരിശോധിക്കാൻ ലാബുകൾ


ചോദ്യം

ശ്രീ. കെ. രാജു

ശ്രീ. പി. തിലോത്തമൻ

ശ്രീ. വി.ശശി

ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)


(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴങ്ങളും പച്ചക്കറികളും പരിശോധിക്കാൻ ലാബുകൾ സ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ടോ ;

(എ) ഉത്തരവായിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് വന്നതിനുശേഷം ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

(ബി) ടി ഉത്തരവ് ശ്രദ്ധയിൽപ്പെടുന്നതിനു മുമ്പ് തന്നെ പച്ചക്കറികളിൽ കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച പരാതിയുടെ ഗൗരവം ഉൾക്കൊണ്ട് ബഹു.മുഖ്യമന്ത്രി ഒരു അടിയന്തിര യോഗം വിളിച്ചുകൂട്ടി. ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ